**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്:- എൻ.ആർ.ഇ.ജി.എസ്.-നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് സാങ്കേതിക-സംഘാടന സഹായം നൽകുന്ന അക്രഡിറ്റഡ് സ്ഥാപനങ്ങൾക്ക് ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.13/2010/തസ്വഭവ** **തിരുവനന്തപുരം, തീയതി, 1/1/2010**

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം:-1. സ.ഉ.(സാ)നമ്പർ.3081/03/തസ്വഭവ, തീയതി, 25-8-2003.
2. സ.ഉ.(എം.എസ്.)നമ്പർ.49/09/തസ്വഭവ, തീയതി, 7-4-2009.
3. ഗ്രാമവികസന കമ്മീഷണറുടെ 18-12-09-ലെ 34901/എൻ.ആർ.ഇ.ജി.സെൽ/09/ സി.ആർ.ഡി. നമ്പർ കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം സമഗ്ര നീർത്തടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനുള്ള നിർവ്വഹണ ഏജൻസിയായി ഐ.ആർ.റ്റി.സി.(ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ)-യെ അംഗീകരിച്ചിട്ടുണ്ടെന്നും പരാമർശം2-ലെ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഒരു വാട്ടർഷെഡിന് 23,000/- രൂപ വരെ ചെലവാക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ ചെലവാക്കേണ്ടി വരുന്ന 23,000/- രൂപയ്ക്കു പുറമേ സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾക്ക്, സാങ്കേതിക സഹായം നൽകുന്ന വകയിൽ, സ്ഥാപനപരമായി വേണ്ടി വരുന്ന ചെലവ് (ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജ്) അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 3 കുറിപ്പിലൂടെ ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരിക്കുന്നു.

ഈ വിഷയം തൊഴിലുറപ്പ് സെല്ലിന്റെ പരിഗണനയ്ക്കു വയ്ക്കുകയും നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് പഞ്ചായത്തുകൾക്ക് തത്സമയ സാങ്കേതിക-സംഘാടന പരിശീലനം നൽകുന്ന അക്രഡിറ്റഡ് ഏജൻസികൾക്ക് (സ്ഥാപനങ്ങൾക്ക്) ചുവടെ കൊടുത്തിരിയ്ക്കുന്ന നിരക്കിൽ പ്രൊഫഷണൽ ഫീസ് ഇനത്തിൽ 5,700/- രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു.

| നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ ചെലവ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | പ്രവർത്തനം | നിരക്ക് (രൂപ) | പഞ്ചായത്തുകൾക്ക് നിലവിൽ അനുവദനീയമായ തുക (രൂപ) | സംഘാടനത്തിനും സാങ്കേതിക സഹായത്തിനും വേണ്ടി വരുന്ന കൂടുതൽ ചെലവുകൾ (രൂപ) | | |
| | | | | മനുഷ്യ ദിനം | നിരക്ക് | തുക |
| 1. | നീർത്തട കൂടിച്ചേരൽ | 350 | 350 | -- | -- | -- |
| 2. | പരിശീലനം(7 പേർക്ക് 2 ദിവസം) | 300 | 2100 | 7 | 300 | 2100 |
| 3. | മാപ്പുകൾ ലഭ്യമാക്കൽ, കോപ്പി എടുക്കൽ, മാപ്പിംഗ് | 2000 | 2000 | 3 | 300 | 900 |
| 4. | സർവ്വേ ഫോമുകൾ അച്ചടി | 5000 | 5000 | -- | -- | -- |
| 5. | ഫീൽഡ് പ്രവർത്തകരുടെ യാത്രാപ്പടി/ഭക്ഷണം(7 പേർക്ക് 14 ദിവസം) | 100 | 9800 | 5 | 300 | 1500 |
| 6. | സ്റ്റേഷനറി, ഫീൽഡ് കിറ്റ് തുടങ്ങിയവ | 750 | 750 | -- | -- | -- |
| 7. | റിപ്പോർട്ട് തയ്യാറാക്കൽ, ഡി.റ്റി.പി. | 2000 | 2000 | 4 | 300 | 1200 |
| 8. | പ്രചരണം | 1000 | 1000 | -- | -- | -- |
| | | | 23,000 | 19 | | 5,700 |
| ആകെ ചെലവ് | 23,000 + 5,700 =28,700 | | | | | |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നീർത്തട വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്ന വകയിൽ സ്ഥാപനപരമായി വേണ്ടി വരുന്ന ചെലവായ (ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജ്) 5,700/- രൂപ തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പു സാമ്പത്തിക വർഷം 25 ലക്ഷം രൂപ വരെ ചെലവഴിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭരണ ചെലവിൽ ഉൾപ്പെടുത്തി ചെലവാക്കുന്നതിനും മറ്റു ഗ്രാമപഞ്ചായത്തുകൾക്ക് അവരുടെ വികസന ഫണ്ടിലെ ഉൽപ്പാദന മേഖലയിൽ നിന്നോ ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ സ്വന്തം ഫണ്ടിൽ നിന്നോ, വഹിക്കാനുമുള്ള അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
റ്റി. ശ്യാമളകുമാരി,
ജോയിന്റ് സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ,എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
4. എല്ലാ ജില്ലാ കളക്ടർമാർ/ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ.
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർ.
6. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർ.( ഗ്രാമവികസന കമ്മീഷണർ മുഖേന)
7. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർ.( പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം([illegible]
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ